Document 2024/47350/1 - Notification - File No. 2024/15637/1
Approved by Regr on 2024-06-13 18:15:32
Digitally approved document; signature not required.
http://www.kuhs.ac.in
wEnYG-1xD-cRjCC-LjcI
KUHS, Thrissur

**കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല**

**തൃശ്ശൂർ - 680 596**

ഫോ: 0487 - 2207664 ഫാക്സ്: 0487 - 2207616,2207620

ഇ-മെയിൽ: genadmn@kuhs.ac.in

നം. 15637/2024/ജിഎ 1/അഡ്മിൻ

Date : 13-06-2024

**വിജ്ഞാപനം**

കേരള ആരോഗ്യശാസ്ത്ര സർവകലാശാലയിൽ പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ/റീ-എംപ്ലോയ്മെൻറ്/കരാർ വ്യവസ്ഥയിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു

സർവകലാശാലയിലെ പബ്ലിക് റിലേഷൻസ് ഓഫീസർ (ശമ്പള സ്കെയിൽ: 59300-120900) തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ/പുനഃനിയമനം/കരാർ വ്യവസ്ഥയിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു . കേരളത്തിലെ സർക്കാർ /സർവകലാശാല/സ്വയംഭരണ/പൊതുമേഖല സർവീസിൽ സമാന തസ്തികയിൽ സേവനമനുഷ്ഠിക്കുന്നവർക്കും (അന്യത്രസേവനം), സമാന സർവീസിൽ സമാന തസ്തികയിൽ നിന്നും വിരമിച്ചവർക്കും (പുനഃനിയമനം), താഴെ പറയുന്ന യോഗ്യതകളുള്ള മറ്റ് വ്യക്തികൾക്കും (കരാർ നിയമനം) അപേക്ഷിക്കാവുന്നതാണ്.

1. ജേർണലിസം/മാസ് കമ്മ്യൂണിക്കേഷനിൽ ബിരുദാനന്തര ബിരുദം അഥവാ ഏതെങ്കിലും വിഷയത്തിൽ ബിരുദാനന്തര ബിരുദവും ജേർണലിസം/മാസ് കമ്മ്യൂണിക്കേഷൻ/പബ്ലിക് റിലേഷൻസിൽ ഡിപ്ലോമയും.
2. സർക്കാർ അംഗീകാരം/രജിസ്ട്രേഷൻ ഉള്ള മാധ്യമ സ്ഥാപനങ്ങളിൽ നിന്നും മാധ്യമ രംഗത്തെ മൂന്നു വർഷത്തെ പ്രവൃത്തി പരിചയം അഥവാ സർക്കാർ/അർദ്ധസർക്കാർ/സ്വയംഭരണ സ്ഥാപനങ്ങളിൽ പി. ആർ. പ്രൊഫഷണലായുള്ള മൂന്നു വർഷത്തെ പ്രവൃത്തി പരിചയം.
3. പ്രായം:- a. ഡെപ്യൂട്ടേഷൻ- വിജ്ഞാപനത്തീയതിയിൽ 50 വയസ്സ് കവിയരുത്.

   b. പുനഃനിയമനം- വിജ്ഞാപനത്തീയതിയിൽ 57 വയസ്സ് കവിയരുത്.

   c. കരാർ- വിജ്ഞാപനത്തീയതിയിൽ 20 - 45 വയസ്സ്

ഉചിതമാർഗ്ഗേന അയക്കേണ്ട, ബയോഡേറ്റ, സ്റ്റേറ്റ്മെൻറ് 144 എന്നിവ സഹിതമുള്ള ഡെപ്യൂട്ടേഷൻ അപേക്ഷകൾ, സ്ഥാപനമേധാവി സാക്ഷ്യപ്പെടുത്തിയാൽ മതി. പുനഃനിയമന അപേക്ഷകളിൽ പെൻഷൻ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടുത്തിയിരിക്കണം. ഡെപ്യൂട്ടേഷൻ/റീ-എംപ്ലോയ്മെൻറ് വ്യവസ്ഥയിൽ നിയമനത്തിന് അർഹരായ അപേക്ഷകർ ഇല്ലെങ്കിൽ മാത്രമേ കരാർ വ്യവസ്ഥയിൽ നിയമനത്തിനായുള്ള അപേക്ഷകൾ പരിഗണിയ്ക്കുകയുള്ളൂ. അപേക്ഷകളിൽ ബയോഡാറ്റ, ഫോൺ/മൊബൈൽ ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ ഉൾപ്പെടുത്തിയിരിക്കണം.

അപേക്ഷകൾ രജിസ്ട്രാർ, ആരോഗ്യശാസ്ത്ര സർവകലാശാല, മെഡിക്കൽ കോളേജ് പി. ഒ., തൃശ്ശൂർ-680 596 എന്ന വിലാസത്തിൽ 2024 ജൂലായ് 15 നകം ലഭിച്ചിരിക്കേണ്ടതാണ്.

**രജിസ്ട്രാർ**